LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ

185 (2394) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ യഥാസമയം രജിസ്ട്രേഷൻ പുതുക്കാത്തതിനാൽ സീനിയോറിറ്റി നഷ്ടപ്പെട്ടവർ എത്രയെന്ന് വിശദമാക്കാമോ ;

(ബി) 1995-ന് മുൻപ് രജിസ്റ്റർ ചെയ്തവർക്കും യഥാസമയം രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ പോയവർക്കും രജിസ്ട്രേഷൻ പുതുക്കുന്നതിനു അവസരം നൽകുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) 1995-ന് മുൻപ് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ പോയവർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അവസരം ഇപ്പോൾ നിലവിലില്ല.

മാറഞ്ചേരി ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിടം

186 (2395) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ഗവ: ITI- യ്ക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതുമൂലം പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ITI-യ്ക്ക് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(സി) പഞ്ചായത്ത് നൽകിയ സ്ഥലം തൊഴിൽ വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ-ഡി) മാറഞ്ചേരി വില്ലേജിലെ റീ-സർവ്വെ നമ്പർ 135/4-ൽപ്പെട്ട 50 സെന്റ് സ്ഥലവും അതിലുള്ള കെട്ടിടങ്ങളും ഉൾപ്പെടെ വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിന് ജി.ഒ (ആർ.ടി)നം.1895/14/ത.സ്വ.ഭ.വ. തീയതി